# Athmaraksha.org

കുരിശിന്റെ വഴി

## കുരിശിന്റെ വഴി ചൊല്ലുന്നതു കൊണ്ടുള്ള 14 ഫലങ്ങൾ



കുരിശിന്റെ വഴി ഭക്തിപൂർവ്വം നടത്തുന്നവർക്ക് ലഭിക്കാവുന്ന അനുഗ്രഹങ്ങളെക്കുറിച്ച് സ്പെയിനിൽ നിന്നുള്ള ബ്രദർ സ്റ്റനിസ്ലാവോസിന് ഈശോ നൽകിയ വാഗ്ദാനങ്ങൾ:

1.കുരിശിന്റെ വഴി നടത്തിക്കൊണ്ട് വിശ്വാസപൂർവ്വം യാചിക്കുന്ന ഏതൊരനുഗ്രഹവും ഞാൻ നിങ്ങൾക്കു നൽകും.

2.കൂടെക്കൂടെ കുരിശിന്റെ വഴി നടത്തുന്നവർക്ക് നിത്യരക്ഷ നൽകും.

3.ഞാൻ എപ്പോഴും അവരുടെ കൂടെയുണ്ടായിരിക്കുകയും മരണ സമയത്ത് പ്രത്യേകമായി സഹായിക്കുകയും ചെയ്യും.

4.ഒരു വ്യക്തിയുടെ പാപം എത്ര അധികമായിരുന്നാലും കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിക്കുന്നതിലൂടെ അവർക്ക് കരുണ ലഭിക്കും. (മാരകപാപങ്ങൾ ഉണ്ടെങ്കിൽ കുമ്പസാരം നടത്തേണ്ടതാണ്)

5.കുരിശിന്റെ വഴി നിരന്തരം നടത്തുന്നവർക്ക് സ്വർഗ്ഗത്തിൽ പ്രത്യേക മഹത്വമുണ്ടായിരിക്കും.

6.ഈ ഭക്തി അനുഷ്ഠിക്കുന്നവരെ ശുദ്ധീകരണ സ്ഥലത്തുനിന്ന്! വേഗത്തിൽ മോചിപ്പിക്കും.

7.കുരിശിന്റെ വഴിയുടെ ഓരോ സ്ഥലത്തും ഞാൻ അവരെ അനുഗ്രഹിക്കുകയും എന്റെ അനുഗ്രഹം നിത്യതവരെ അവരെ പിൻതുടരുകയും ചെയ്യും.

8.മരണസമയത്ത് പിശാചിന്റെ പ്രലോഭനങ്ങളിൽ നിന്നു ഞാൻ അവരെ രക്ഷിക്കുകയും, സാത്താന്റെ ശക്തിയെ നിർവീര്യമാക്കുകയും ചെയ്യും.

9.സ്നേഹപൂർവ്വം ഈ പ്രാർത്ഥന ചൊല്ലുന്നവരെ എന്റെ കൃപയാൽ നിറച്ച് ജീവിക്കുന്ന സക്രാരി ആക്കിമാറ്റും.

10.ഈ പ്രാർത്ഥന നിരന്തരം നടത്തുന്നവരുടെമേൽ എന്റെ ദൃഷ്ടി ഞാൻ ഉറപ്പിക്കും. എന്റെ കരങ്ങൾ അവരെ സംരക്ഷിക്കാൻ എപ്പോഴും അവരുടെ കൂടെ ഉണ്ടായിരിക്കുകയും ചെയ്യും.

11.ഞാൻ ആണികളാൽ കുരിശിനോട് ചേർന്നു ഇരിക്കുന്നതുപോലെ കുരിശിന്റെ വഴി നിരന്തരം നടത്തി എന്നെ ആദരിക്കുന്നവരോട് ഞാനും ചേർന്നിരിക്കും.

12.എന്നിൽ നിന്ന് അകന്നുപോകാൻ ഇടയാകാതിരിക്കാനും യാതൊരു മാരകപാപവും ചെയ്യാതിരിക്കുവാനുള്ള കൃപ ഞാൻ അവർക്കു കൊടുക്കും.

13.മരണനേരത്ത് എന്റെ സാന്നിദ്ധ്യത്താൽ ഞാൻ അവരെ ആശ്വസിപ്പിക്കുകയും അവരെ സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ട് പോവുകയും ചെയ്യും. മരണം അവർക്ക് മാധുര്യമേറിയ ഒരു

അനുഭവമായിരിക്കും.
14.അവരുടെ ആവശ്യ സമയത്ത് എന്റെ ആത്മാവ് സംരക്ഷണം നൽകുന്ന ഒരു കവചവും സഹായവുമായിരിക്കും.
+++ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിച്ച് വണങ്ങി സ്തോത്രം ചെയ്യുന്നു : എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടും രക്ഷിച്ചു!+++